# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2432 — 14/06/2019-ൽ മറുപടിക്ക്

## ചിന്നാർ ജലവൈദ്യുതപദ്ധതി

| | ചോദ്യം<br>ശ്രീ.റോഷി അഗസ്റ്റിൻ | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ചിന്നാർ ജലവൈദ്യുത പദ്ധതിയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടി ഏതുഘട്ടം വരെയായി എന്നറിയിക്കുമോ; | (എ) | ചിന്നാർ ജലവൈദ്യുത പദ്ധതിയ്ക്കു വേണ്ടി ആകെ ആവശ്യമുള്ള 16.03 ഹെക്ടർ ഭൂമിയിൽ 15.20 ഹെക്ടർ ഭൂമി ഏറ്റെടുത്തു കഴിഞ്ഞു. അവശേഷിക്കുന്ന 0.83 ഹെക്ടർ ഭൂമിയിൽ 0.49 ഹെക്ടർ ഭൂമിയുടെ കൈവശ രേഖകൾ ഹാജരാക്കുവാൻ കൈവശക്കാരന് കത്തു നൽകിയിട്ടുണ്ട്. 0.34 ഹെക്ടർ ഭൂമി പുഴ പുറമ്പോക്കിൽപ്പെടുന്നതാണ്. |
| (ബി) | ഏറ്റെടുത്ത ഭൂമിക്ക് പൂർണ്ണമായി നഷ്ടപരിഹാരം കൊടുത്തുതീർക്കാൻ സാധിച്ചുവോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | നഷ്ടപരിഹാരം പൂർണ്ണമായി കൊടുത്തുതീർത്ത ശേഷമാണ് ഭൂമി ഏറ്റെടുത്തിട്ടുള്ളത്. |
| (സി) | പ്രസ്തുത പ്രോജക്റ്റിന്റെ കരാറുകാർക്ക് കരാർ തുക കൊടുത്തുതീർക്കാനുണ്ടോ; വിശദാംശങ്ങൾ നല്കുമോ; ഈ തുക പൂർണ്ണമായി എന്ന് കൊടുത്തുതീർക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | ചിന്നാർ പദ്ധതിയുടെ കരാറുകാർ 2019 ഏപ്രിൽ മാസം വരെ ചെയ്തുതീർത്ത പ്രവൃത്തികൾക്ക് ബിൽ തയ്യാറാക്കുകയും തുക നൽകുകയും ചെയ്തിട്ടുണ്ട്. മേയ് മാസം ചെയ്ത പ്രവൃത്തികളുടെ ബില്ലിന്റെ പരിശോധന നടന്നു വരികയാണ്. ആയത് കഴിയുന്ന മുറയ്ക്ക് താമസം കൂടാതെ ബിൽ തുക നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ